**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5276** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ ജലഗതാഗതത്തിന് ബോട്ട് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗതാഗത വകുപ്പും വിനോദ സഞ്ചാര വകുപ്പും സമന്വയിപ്പിച്ചുകൊണ്ട് ഉൾനാടൻ ജലഗതാഗതത്തിനായി ബോട്ട് സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | പ്രസ്തുത പദ്ധതി നിലവിൽ പരിഗണനയിലില്ല. |
| (ബി) | മയ്യഴി പുഴയിൽ പെരിങ്ങത്തൂർ മുതൽ മയ്യഴി വരെ ബോട്ട് സർവ്വീസ് ആരംഭിക്കുന്നത് യാത്രക്കാർക്കും വിനോദ സഞ്ചാരികൾക്കും ഒരുപോലെ പ്രയോജനപ്പെടുമെന്ന കാര്യം പരിശോധിക്കുമോ; | (ബി) | വിനോദസഞ്ചാരികൾക്കും യാത്രക്കാർക്കും പ്രയോജനപ്പെടുന്ന രീതിയിൽ മയ്യഴി പുഴയിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമെങ്കിൽ വിദഗ്ധ സമിതിയെ ഉപയോഗിച്ച് പഠനം നടത്തി സർവ്വീസുകൾ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്. |
| (സി) | ചരിത്ര പ്രാധാന്യമുള്ളതും പ്രകൃതി രമണീയവുമായ മയ്യഴിപ്പുഴയിൽ പെരിങ്ങത്തൂർ, മോന്താൽ, കക്കടവ്, പാത്തിക്കൽ എന്നീ ബോട്ട് ജെട്ടികളെ യോജിപ്പിച്ച് കൊണ്ട് പെരിങ്ങത്തൂരിൽ നിന്നും മാഹിയിലേക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് വകുപ്പ് മുൻകൈയ്യെടുക്കുമോ; എങ്കിൽ ആയതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുകയെന്ന് വിശദമാക്കുമോ? | (സി) | ചരിത്ര പ്രാധാന്യമുള്ള മയ്യഴിപ്പുഴയിൽ-മാഹി ഭാഗങ്ങളിലേയ്ക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി സർവ്വീസുകൾ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ